കോർപ്പറേഷൻ ടെണ്ടർ ചെയ്യുന്നത്. പർച്ചേസ് ചെയ്യുന്നതിൽ 80% മരുന്നുകളും ഉപയോഗിച്ചുതീർക്കുന്നുണ്ട്. അധികംവരാൻ സാധ്യതയുള്ള മരുന്നുകൾ 6 മാസം മുമ്പ് കെ.എം.എസ്.സി.എൽ.-ന് റിപ്പോർട്ട് ചെയ്യുകയും തിരിച്ചു നൽകുകയും വാർഷിക ഇൻക്രിമെന്റിൽ ക്രമീകരണം നടത്തുകയും ചെയ്യുന്നുണ്ട്. ടെണ്ടർ ക്വാണ്ടിറ്റി അനുസരിച്ചാണ് വിതരണക്കാർ വില ക്വാട്ട് ചെയ്യുന്നത്. തിരിച്ചെടുക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിച്ചാൽ വിതരണക്കാർ വൻവില ക്വാട്ട് ചെയ്യാൻ ഇടയുണ്ട്. ആയതിനാൽ എക്സ്പയറി ആകുന്ന മരുന്നുകൾക്ക് പകരം മരുന്നു നൽകുന്നതിന് കോർപ്പറേഷന്റെ ടെണ്ടറിൽ നിർബന്ധിത വ്യവസ്ഥകളില്ല.

(ഡി) 2013 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 26,22,063 രൂപ യുടെ കാലാവധി കഴിഞ്ഞ മരുന്നുകൾ കെ.എം.എസ്.സി.എൽ.-ൽ നിന്നും 2013-ൽ 6,52,725 രൂപയുടെ മരുന്നുകൾ ഡേറ്റ് എക്സ്പയറിയുടെ പേരിൽ സർക്കാർ ആശുപത്രികളിലും സ്റ്റോക്കിൽനിന്നും കുറവുവരുത്തിയിട്ടുണ്ട്.

**മൂന്നാർ ടൂറിസം വികസന ഫണ്ട് വിനിയോഗത്തിലെ ക്രമക്കേട്**

10 (*640) ശ്രീ. രാജു എബ്രഹാം :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ ;

(ബി) കേന്ദ്ര സഹായം നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ നഷ്ടപ്പെടാനിട യാക്കിയ സാഹചര്യം എന്തായിരുന്നുവെന്നും വിശദമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം വ്യക്തമാക്കാമോ ;

(ഡി) മൂന്നരക്കോടിയോളം രൂപ അധികമായി തിരിച്ചടയ്ക്കാനിടയായത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇതു മറ്റു പദ്ധതികളുടെ പ്രവർത്തനത്തെ എങ്ങനെ ബാധിച്ചുവെന്ന് അറിയിക്കുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) മൂന്നാർ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി 2013-14 സാമ്പത്തിക വർഷത്തിൽ Development of Munnar Hill as a Tourist Destination in Kerala എന്ന പദ്ധതിക്കായി 1,51,74,000 രൂപ കേന്ദ്രസർക്കാർ

അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണത്തിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) മൂന്നാർ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി 2011-12 സാമ്പത്തികവർഷത്തിൽ കേന്ദ്രസർക്കാർ സാമ്പത്തികസഹായത്തോടെ 488.50 ലക്ഷം രൂപയുടെ ഒരു പദ്ധതി അംഗീകരിക്കുകയും പദ്ധതിച്ചെലവിന്റെ 80% ആയ 390.81 ലക്ഷം രൂപ കേന്ദ്രം സംസ്ഥാന അക്കൗണ്ടിലേക്ക് ആദ്യഗഡുവായി അലോട്ട് ചെയ്യുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 98 ലക്ഷം രൂപയും 2014 ജനുവരിയിൽ ബാക്കി തുകയായ 292.81 ലക്ഷം രൂപയും ടൂറിസം വകുപ്പിന് അനുവദിച്ച് നൽകുകയുണ്ടായി. എന്നാൽ മൂന്നാറിൽ പ്രസ്തുത പദ്ധതിക്കായി കണ്ടെത്തിയിരുന്ന സ്ഥലം റവന്യൂ വകുപ്പിൽനിന്ന് സമയബന്ധിതമായി പദ്ധതി നിർവ്വഹണത്തിൽ കൈമാറാൻ കഴിയാതെ വന്നതിനാൽ കേന്ദ്രം ഈ പദ്ധതിക്ക് അനുവദിച്ചുനൽകിയ 390.81 ലക്ഷം രൂപ കേന്ദ്രത്തിന്റെ ആവശ്യപ്രകാരം തിരിച്ചടയ്ക്കുകയുണ്ടായി.

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശത്തിൽ പദ്ധതി സമയബന്ധിതമായി നടത്തുന്നതിനുള്ള പ്ലാനിംഗും മോണിറ്ററിംഗും നടന്നിട്ടില്ലായെന്ന് പരാമർശിച്ചിട്ടുണ്ട്. മാത്രമല്ല, വകുപ്പ് പദ്ധതിക്ക് അനുവദിച്ച മൊത്തം തുകയും (390.81 ലക്ഷം രൂപ) തിരിച്ചടച്ചുവെന്നും ഇതിൽ TSB Account-ൽ നിന്നും മറ്റ് സ്റ്റേറ്റ് പ്രോജക്ടിൽ നിന്നുമാണ് തിരിച്ചടച്ചിട്ടുള്ളതെന്നും പരാമർശിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിക്കായി Detailed Project Report, Architectural Drawing എന്നിവ തയ്യാർ ചെയ്ത വകയിലുണ്ടായ തുക unfruitful ആണെന്നും പരാമർശിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിക്കായി കേന്ദ്രസർക്കാർ അനുവദിച്ച തുക മാത്രമേ തിരിച്ചടച്ചിട്ടുള്ളൂ. ഇത് മറ്റ് പദ്ധതികളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. ഈ പദ്ധതിയുടെ Detailed Project Report 8-12-2010-ൽ കേന്ദ്ര ടൂറിസം വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 29-6-2011-ലാണ് പദ്ധതിക്ക് കേന്ദ്രം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചത്. തുടർന്ന് പദ്ധതിയുടെ 80% തുകയായ 390.81 ലക്ഷം രൂപ കേന്ദ്രം ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ടായിരുന്നു. ഇതിൽ 98 ലക്ഷം രൂപ 2011-12-ലും തുടർന്ന് ബാക്കി തുകയായ 292.81 ലക്ഷം രൂപ 2014 ജനുവരിയിലും അനുവദിച്ച് ടൂറിസം വകുപ്പിന് നൽകുകയുണ്ടായി. പദ്ധതി നിർവ്വഹണം യഥാസമയം നിർവ്വഹിക്കാൻ കഴിയാത്തതുകൊണ്ട് കേന്ദ്രം അവർ അനുവദിച്ച 80% തുകയും തിരിച്ചടയ്ക്കണമെന്നും സംസ്ഥാനത്ത് കേന്ദ്രം അനുവദിക്കുന്ന പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകണമെങ്കിൽ ഇത്തരത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കാത്ത പദ്ധതികളുടെ ബാക്കി തുക തിരിച്ചടയ്ക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ പുതിയ കേന്ദ്ര പദ്ധതികൾ നഷ്ടപ്പെടാതിരിക്കുന്നതിനും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

Page 3 of 3

കേന്ദ്രസഹായം നേടിയെടുക്കുന്നതിനുമായി TSB Account-ൽ ഉണ്ടായിരുന്ന തുക മുൻകൂറായി അടയ്ക്കുകയാണ് ഉണ്ടായത്. ഇങ്ങനെ മുൻകൂറായി തുകയെടുത്ത് തിരിച്ചടച്ചത് സംസ്ഥാനത്തെ മറ്റ് പദ്ധതികളുടെ പ്രവർത്തനത്തെ യാതൊരുവിധത്തിലും ബാധിച്ചിട്ടില്ല.

സ്ത്രീകൾക്കും കുട്ടികൾക്കും വികലാംഗർക്കും ശബരിമലയിൽ പ്രത്യേക ദർശന സൗകര്യം

11 (*641) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കും കുട്ടികൾക്കും വികലാംഗർക്കും ശബരിമലയിൽ പ്രത്യേക ദർശനസൗകര്യമൊരുക്കണമെന്ന് ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനോടൊപ്പം എന്തെല്ലാം നിർദ്ദേശങ്ങളാണ് ഹൈക്കോടതിയിൽനിന്നും ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) എത്ര സമയത്തിനുള്ളിൽ പ്രസ്തുത വിധി നടപ്പാക്കണമെന്ന നിർദ്ദേശമാണുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കോടതിവിധി നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ-സി) സ്ത്രീകൾക്കും കുട്ടികൾക്കും വികലാംഗർക്കും ശബരിമലയിൽ പ്രത്യേക ദർശന സൗകര്യം അടുത്ത മണ്ഡല മകരവിളക്ക് സീസൺ മുതൽ നടപ്പാക്കുന്നതിനെ സംബന്ധിച്ച് സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും ശബരിമല ഹൈപവ്വർ കമ്മിറ്റിയും ചേർന്ന് തീരുമാനമെടുത്ത് നടപ്പാക്കണമെന്ന് ഹൈക്കോടതി 19-3-2014-ലെ ഡി.ബി.പി. നമ്പർ 136/2012 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർ നടത്തിയ അവലോകന യോഗത്തിൽ ഇതുസംബന്ധമായി വിശദമായ ചർച്ച നടക്കുകയും ആയതിന്റെ സാദ്ധ്യത പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.



LIBRARY ARCHIVES Kerala Legislative Assembly